പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2044 — 07.03.2017 ൽ മറുപടിക്ക്

## മാവേലി സ്റ്റോർ വിപുലീകരണം

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) മാവേലി സ്റ്റോർ വിപുലീകരണം പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിലവിൽ സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) നിലവിൽ 952 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) മാവേലി സ്റ്റോറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അരിവില നിയന്ത്രിക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ; | (സി) സ്ഥലപരിമിതിയുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും കൂടുതൽ തവണ സാധനങ്ങൾ എത്തിക്കുകയും ചെയ്യുന്നു. ഉത്സവ സീസണുകളിൽ ആവശ്യത്തിന് അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുകയും സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിച്ചും അവശ്യസാധനങ്ങൾ വിൽപ്പനശാലകളിൽ എത്തിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ മാവേലി സ്റ്റോർ/ സൂപ്പർ മാർക്കറ്റ് തലത്തിൽ സാമൂഹ്യ പ്രവർത്തകരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പരാതികൾ സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്യുന്നു. ഡിപ്പോകളിൽ സാധനങ്ങളുടെ ദൗർലഭ്യം നേരിടുമ്പോൾ മറ്റ് ഡിപ്പോകളിൽ നിന്ന് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു. വിൽപ്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഓഡിറ്റ് & |

ഇൻസ്പെക്ഷൻ വിംഗും സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് എല്ലാ വില്പനശാലകളിലും ഉറപ്പ് വരുത്തുന്നതിനും സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും, ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വിൽപ്പനശാലകളിൽ പരിശോധന നടത്തുന്നുണ്ട്.

(ഡി) കേന്ദ്രം വെട്ടിക്കുറച്ച അരിവിഹിതം പുനഃസ്ഥാപിക്കുന്നതുവരെ സർക്കാർ നേരിട്ടിടപെട്ട് പൊതു വിതരണസംവിധാനത്തിൽ അരിലഭ്യത ഉറപ്പുവരുത്തുമോ?

(ഡി) അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും. വില വർദ്ധനവ് തടയുന്നതിനുമായി 1412 സപ്ലൈകോ വില്പനശാലകൾക്കു പുറമെ എല്ലാ ജില്ലകളിലും അരിക്കട ഫെയറുകൾ തുടങ്ങുവാൻ, നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഫ്.സി.ഐ. ൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴുക്കലരി, പച്ചരി എന്നിവ സംഭരിച്ച് വിൽപ്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ യഥാക്രമം കിലോ ഗ്രാമിന് 25/- രൂപ, 23/- രൂപ ക്രമത്തിലും ജയ അരി 25/- രൂപയ്ക്കും വിതരണം നടത്തുന്നു. ഇതിനുപുറമെ ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി കിലോ ഗ്രാമിന് 33/- രൂപയ്ക്ക് വിപണനം ചെയ്യുന്നു. ഇത്തരത്തിൽ എല്ലാ ഇനം അരിയുടേയും ലഭ്യത ഉറപ്പുവരുത്തുകയും ആയവ സബ്സിഡി നിരക്കിനു പുറമേ, വിപണി വിലയേക്കാൾ കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും വിപണനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ